# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

Thamarassery village panchayat

ഗ്രാമപഞ്ചായത്ത് കാര്യാലയം, താമരശ്ശേരി പി ഒ, 673573–പിൻ, കോഴിക്കോട്ട് ജില്ല.

O/o Village panchayat, Thamarassery P. O., 673573–PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91495 2222252 ഇ–മെയിൽ/e–mail: thamarasserygp@gmail.com


***"ഭരണഭാഷ – മാതൃഭാഷ"***

നമ്പർ: ബി$_3$.2913/20 തിയ്യതി:30/08/2020

പ്രേഷകൻ:

സെക്രട്ടറി

ഗ്രാഹകൻ:

ബഹു. ജില്ലാ കളക്ടർ,
കോഴിക്കോട്.

സാർ,

വിഷയം:– താമരശ്ശേരി ഗ്രാമപഞ്ചായത്ത് – കോവിഡ്–19 ജാഗ്രത പോർട്ടലിൽ കണ്ടെയിൻമെന്റ് സോണുകൾ മാപ്പിൽ ചേർത്ത് അടയാളപ്പെടുത്തുന്നതിലുള്ള വൈഷമ്യങ്ങളും പരിഹാരമാർഗ്ഗങ്ങളും റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന:– 1. പഞ്ചായത്ത് സെക്രട്ടറിമാരുടെ കഴിഞ്ഞ വീഡിയോ കോൺഫറൻസിലെ നിർദ്ദേശം.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ്–19 വ്യാപനം സംബന്ധിച്ച് കണ്ടെയിൻമെന്റ് സോണുകളും മൈക്രോ കണ്ടെയിൻമെന്റ് സോണുകളും കോവിഡ് 19 ജാഗ്രത പോർട്ടലിൽ മാപ്പിൽ ചേർത്ത് അടയാളപ്പെടുത്തി സമർപ്പിക്കണമെന്ന് അങ്ങ് സൂചന പ്രകാരമുള്ള വീഡിയോ കോൺഫറൻസിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിരുന്നുവല്ലോ. ആയതു പ്രകാരം മുഴുവൻ വാർഡുകളാണ Mark Zone by Ward എന്ന ഓപ്ഷൻ വഴി ചെയ്യേണ്ടതെങ്കിൽ അതു ചെയ്യുന്നതിന് നിലവിൽ പ്രശ്നങ്ങളൊന്നുമില്ല, ചെയ്യാവുന്നതേയുള്ളൂ. എന്നാൽ മൈക്രോ കണ്ടെയിൻമെന്റ് സോണുകളാണ് Mark Zone on Map എന്ന ഓപ്ഷൻ പ്രകാരം അടയാളപ്പെടുത്തേണ്ടതെങ്കിൽ അതു ചെയ്യുന്നതിന് താഴെപ്പറയുന്ന പ്രകാരമുള്ള വൈഷമ്യങ്ങൾ നിലവിലുണ്ടെന്ന് ബോധിപ്പിക്കുന്നു:–

1. ഈ ഓപ്ഷനിൽ നിലവിലുള്ള LSGI അതിരുകൾ റെഫറൻസിനായി ലഭ്യമല്ല,
2. നിലവിലുള്ള വാർഡ് അതിരുകളും റഫറൻസിനായി ലഭ്യമല്ല.
3. ഗൂഗ്ൾ മാപ്പിൽപ്പെട്ട സ്ട്രീറ്റ് വ്യൂവും സാറ്റലൈറ്റ് ഇമേജറിയും മാത്രമാണ് നിലവിൽ അതിൽ റെഫറൻസായി ലഭ്യമായിട്ടുള്ളത്.
4. ഗ്രാമപ്രദേശങ്ങളിലെ സ്ഥലപ്പേരുകളും, റോഡുകളും മറ്റു ഫീച്ചറുകളും നോക്കിയാൽ അവയ്ക്ക് ഗൂഗ്ൾ മാപ്പിൽ പരിമിതമായ കവറേജ് മാത്രമേയുള്ളൂ.

മേൽക്കാരണങ്ങളാൽ കൃത്യമായ area മാപ്പിൽ കണ്ടു മനസ്സിലാക്കുന്നതിനും അടയാളപ്പെടുത്തുന്നതിനും സാധിക്കുന്നില്ല. ഇതുകൊണ്ടു തന്നെ, ഇപ്രകാരം LSGI കളുടേതായി അടയാളപ്പെടുത്തുന്ന സോണുകൾ മാപ്പിൽ പരസ്പരം overlap ചെയ്തു കാണുന്നു, മാപ്പിന്റെ കൃത്യത ഇല്ലാതാകുന്നു. ആയതിനാൽ താഴെപ്പറയുന്ന പരിഹാരമാർഗ്ഗങ്ങൾ അങ്ങയുടെ മുമ്പാകെ ബോധിപ്പിക്കുന്നു:–

1. Mark Zone on Map എന്ന ഓപ്ഷനിൽ നിലവിലുള്ള LSGI അതിരുകൾ റെഫറൻസിനായി ലഭ്യമാക്കിത്തരിക.
2. നിലവിലുള്ള വാർഡ് അതിരുകളും റഫറൻസിനായി ലഭ്യമാക്കിത്തരിക.
3. ഇപ്പോഴുള്ള ഗൂഗ്ൾ മാപ്പിൽപ്പെട്ട ഡാറ്റ കൂടാതെ ഓപ്പൺസ്ട്രീറ്റ്മാപ്പ്, അതിൽ ലഭ്യമായ മൈക്രോസോഫ്റ്റ് ബിങ് ഇമേജറി, ഭുവൻ പോർട്ടൽ വഴിയും കെഎസ് ഡി ഐ വഴിയും ലഭ്യമായ ഡാറ്റ എന്നിവയും കൂടി റെഫറൻസിനായി ലഭ്യമാക്കുക.



A constitutional body, established under the provisions of articles 243 to 243(O) of the Constitution of the Republic of India.

# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

Thamarassery village panchayat

ഗ്രാമപഞ്ചായത്ത് കാര്യാലയം, താമരശ്ശേരി പി ഒ, 673573–പിൻ, കോഴിക്കോട്ട് ജില്ല.

O/o Village panchayat, Thamarassery P. O., 673573–PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91495 2222252 ഇ–മെയിൽ/e–mail: thamarasserygp@gmail.com


***'ഭരണഭാഷ – മാതൃഭാഷ'***

---

ആയതിനാൽ പ്രസ്തുത വിഷയത്തിൽ അനുഭാവപൂർണ്ണമായ നടപടി സ്വീകരിച്ച് മേൽ പ്രശ്നം കഴിവതും വേഗം പരിഹരിച്ചു തരണമെന്ന് താഴ്മയായി അപേക്ഷിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
ജയ്സെൻ നെടുമ്പാല,
സെക്രട്ടറി,
താമരശ്ശേരി ഗ്രാമപഞ്ചായത്ത്.



A constitutional body, established under the provisions of articles 243 to 243(O) of the Constitution of the Republic of India.